# കൊച്ചി രൂപതയുടെ 450-ാം വാർഷികം

കൊച്ചി രൂപത സ്ഥാപിതമായിട്ട് 450 കൊല്ലങ്ങൾ പൂർത്തിയായി. ഇതോടനുബന്ധിച്ച് ഒരു കൊല്ലം നീണ്ട ആഘോഷപരിപാടികൾക്ക് നാം ഇന്ന് സമാപനം കുറിക്കുകയാണ്. ഇത് ഒരു അസാധാരണ ജൂബിലിയാണ്. ഇരുപത്തഞ്ച് കൊല്ലമായിരുന്നെങ്കിൽ രജതജൂബിലിയെന്നും അൻപതു കൊല്ലമായിരുന്നെങ്കിൽ സുവർണ്ണ ജൂബിലിയെന്നുമൊക്കെ വിളിക്കാമായിരുന്നു. എന്നാൽ 450 കൊല്ലം പൂർത്തിയാക്കുന്ന ഈ അസാധാരണ മുഹൂർത്തത്തെ എങ്ങനെ വിശേഷിപ്പിക്കണമെന്ന് എനിക്കറിയില്ല. ആദ്യമായി ഈ വലിയ ജൂബിലിയുടെ എല്ലാവിധ മംഗളങ്ങളും ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹാശ്ശിസ്സുകളും രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോൺ തട്ടുങ്കൽ പിതാവിനും വൈദീകർക്കും സന്യസ്തർക്കും എല്ലാ രൂപതാംഗങ്ങൾക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

ഏറെ സവിശേഷതകളുള്ള ഒരു രൂപതയാണ് കൊച്ചി രൂപത. വെറും 236 ചതുരശ്രകിലോമീറ്റർ മാത്രം വിസ്തീർണ്ണമുള്ള ഈ രൂപത ഭാരതത്തിലെന്നു മാത്രമല്ല, ഒരു പക്ഷേ ലോകത്തിലെ ഏറ്റവും ചെറിയ രൂപതയായിരിക്കും.

അതേസമയം തന്നെ കത്തോലിക്കരുടെ എണ്ണം എടുത്തുനോക്കിയാൽ ആനുപാതികമായി വടക്കുകിഴക്കൻ സംസ്ഥാനങ്ങളെ ഒഴിച്ചുനിറുത്തിയാൽ ഭാരതത്തിലെ രൂപതകളിൽ ഒന്നാം സ്ഥാനമായിരിക്കും കൊച്ചിരൂപതയ്ക്ക്. ഭാരതത്തിൽ നമുക്കറിയാവുന്നതുപോലെ മൂന്നു ശതമാനം പോലും ക്രൈസ്തവരില്ല. എന്നാൽ കൊച്ചി രൂപതയുടെ അതിർത്തികൾക്കുള്ളിൽ വസിക്കുന്നവരിൽ 39 ശതമാനത്തോളം ആളുകളും കത്തോലിക്കരാണ്.

വൈദീകരുടെയും സന്യസ്ഥരുടെയും എണ്ണം നോക്കിയാലും അനുഗ്രഹീതമാണ് കൊച്ചി രൂപത. ഏതാണ്ട് 1000 പേർക്ക് ഒരു വൈദീകൻ എന്ന അനുപാതത്തിൽ 110 ഇടവക വൈദീകരും അൻപതോളം സന്യാസ വൈദീകരും ഇവിടെ സേവനമനുഷ്ഠിക്കുന്നു. ഇതിനു പുറമേ നൂറുകണക്കിന് സന്യാസിനികളുടെ സേവനവും ഈ രൂപതയ്ക്ക് ലഭിക്കുന്നുണ്ട്. സർവ്വോപരി സുസമ്മതനും ആത്മാവും ജ്ഞാനവും കൊണ്ട് നിറഞ്ഞവനും അജഗണത്തിനു വേണ്ടി ജീവൻ പോലും അർപ്പിക്കുന്നവനും നിശ്ചദാർഢ്യത്തോടും ലക്ഷ്യബോധത്തോടും കൂടി രൂപതയെ നയിക്കുന്നവനുമായ രൂപതാദ്ധ്യക്ഷന്റെ ശുശ്രൂഷയും എല്ലാ ആത്മായരുടെ സഹകരണവും ഈ രൂപതയുടെ ഏറ്റവും വലിയ മൂതൽക്കൂട്ടാണ്.

കൊച്ചിരൂപത ഒരു പ്രാദേശിക സഭയാണ്. ഈ പ്രാദേശിക സഭയുടെ ഏറ്റവും വലിയ സവിശേഷതകളിലൊന്നായി ഞാൻ കാണുന്നത് ഇതിന്റെ സാർവ്വത്രിക സ്വഭാവമാണ്. എല്ലാവരെയും സ്വീകരിക്കുവാനും എല്ലാവരുമായി ബന്ധപ്പെട്ടുവാനും ഉള്ളതെല്ലാം എല്ലാവരുമായി പങ്കുവയ്ക്കുവാനുമുള്ള ഒരു വലിയമനസ്സ് ഈ രൂപതയ്ക്കുണ്ട്.

ഗോവ രൂപത വിഭജിച്ചാണ് 1557-ൽ കൊച്ചി രൂപതയ്ക്ക് രൂപം നൽകിയത്. ആലപ്പുഴ രൂപതയുടെ മാതൃരൂപതയാണ് കൊച്ചിരൂപത. ഇന്നത്തെ തിരുവനന്തപുരം അതിരൂപതയുടെ ഭൂരിപക്ഷം ഇടവകകളും 1952-വരെ കൊച്ചിരൂപതയുടെ ഭാഗമായിരുന്നു. ഞാനും കൊച്ചിരൂപതയുടെ അംഗമായിട്ടാണ് ജനിച്ചതും വളർന്നതും. 48 കൊല്ലത്തോളം ഈ രൂപത വരാപ്പുഴ വികാരിയത്തിന്റെ നിയന്ത്രണത്തിലായിരുന്നു. 1500 മുതൽ ഫ്രാൻസിസ്കൻ, ഈശോസഭ, ഡോമിനിക്കൻ, അഗസ്റ്റീനിയൻ, കർമലിത്താ തുടങ്ങി സഭയിലെ വൈദീകർ ഈ രൂപതയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സീറോമലബാർ, സീറോമലങ്കര, ഓർത്തഡോക്സ് സഭകൾ തുടങ്ങിയ മാർത്തോമ്മാ ക്രിസ്ത്യാനികളോടും കൊച്ചി രൂപതയ്ക്ക് ബന്ധമുണ്ട്. കാരണം 1500-ാം ആണ്ടോടുകൂടി പോർട്ടുഗീസുകൾ ഇവിടെ എത്തിയപ്പോൾ ഇവിടെയുണ്ടായിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളിൽ പലരും ലത്തീൻ റീത്ത് സ്വീകരിച്ചതായി പറയപ്പെടുന്നു.

സന്യാസ സമൂഹങ്ങളുടെ എണ്ണം നോക്കിയാൽ ഇത്രയേറെ സന്യാസ സമൂഹങ്ങൾ ശുശ്രൂഷ ചെയ്യുന്ന മറ്റൊരു രൂപത ഭാരതത്തിലുണ്ടെന്ന് തോന്നുന്നില്ല. ഇങ്ങനെ സാർവ്വത്രിക സഭയിലെ വരദാനങ്ങൾ ഉൾക്കൊള്ളുന്നതോടൊപ്പം കൊച്ചി രൂപതയിൽ നിന്ന് നൂറുകണക്കിന് വൈദീകരും സന്യസ്തരും ലോകത്തിന്റെ നാനാഭാഗങ്ങളിലായി വിവിധ രാജ്യങ്ങളിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇങ്ങനെ എല്ലാവരുമായി ബന്ധപ്പെട്ടു നിൽക്കുന്ന സാർവ്വത്രിക സ്വാഭാവമുള്ള ഒരു പ്രാദേശിക സഭയായിട്ടാണ് കൊച്ചിരൂപതയെ നമുക്ക് കാണാൻ കഴിയുന്നത്.

യഹൂദരുടെ ഇടയിൽ ഒരു പഴഞ്ചൊല്ലുണ്ട് "A man without dream and a nation without a vision will perish." അതായത് സ്വപ്നങ്ങളില്ലാത്ത മനുഷ്യനും ദർശനങ്ങളില്ലാത്ത രാജ്യവും നശിച്ച് നാമവശേഷമാകും. സ്വപ്നങ്ങളും ദർശനങ്ങളുമില്ലാത്ത സംവിധാനങ്ങൾക്ക് ചരിത്രമുണ്ടാവില്ല. പുരുതനമായ കൊല്ലം രൂപതയെപ്പോലെ കൊച്ചിരൂപതയ്ക്ക് 450 കൊല്ലത്തെ ദീർഘമായ ഒരു ചരിത്രമുണ്ട്. കാരണം ഈ രൂപതയ്ക്ക് സുന്ദരമായ സ്വപ്നങ്ങളുണ്ടായിരുന്നു; വ്യക്തമായ ദർശനങ്ങളുണ്ടായിരുന്നു. സ്വപ്നങ്ങൾ സാക്ഷാത്ക്കരിച്ചുകൊണ്ട് ദർശനങ്ങൾ യാഥാർത്ഥ്യമാക്കികൊണ്ട് കൊച്ചിരൂപത മുന്നോട്ടുപോവുകയാണ്.

എന്താണ് കൊച്ചി രൂപതയുടെ ഈ സ്വപ്നങ്ങളും ദർശനങ്ങളും? ഇത് വ്യക്തമാക്കിത്തരുന്ന വേദപുസ്തക ഭാഗങ്ങളാണ് നാം ഇന്ന് വായിച്ചു കേട്ടത്.

വേദപുസ്തകത്തിലാകമാനം ദൈവജനത്തിന്റെ സ്വപ്നങ്ങളെയും ദർശനങ്ങളെയുംക്കുറിച്ചുള്ള വിവരണങ്ങൾ കാണാം. ആദ്യം കാണുന്ന ഉല്പത്തിയുടെ പുസ്തകത്തിൽ യഹൂദജനതയുടെ സ്വപ്നമിതായിരുന്നു: "പാലും തേനുമൊഴുകുന്ന വാഗ്ദാന ഭൂമി സ്വന്തമാക്കുക" ഇത് ഒരു ആലങ്കാരിക ഭാഷയായിരുന്നു എന്ന് മനസ്സിലാക്കുവാൻ കാലതാമസമെടുത്തു. പാലിനെക്കാളും തേനിനെക്കാളും വിലപ്പെട്ട സന്തോഷവും സമാധാനവും സംതൃപ്തിയും സൗഭാഗ്യവും നിറഞ്ഞു നിൽക്കുന്ന ദൈവരാജ്യമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന ദർശനം ചരിത്രസംഭവങ്ങളിലൂടെയാണ് തെളിഞ്ഞു വരുന്നത്.

അവസാനം കാണുന്ന വെളിപാടിന്റെ പുസ്തകത്തിലും ദൈവരാജ്യത്തെ ചിത്രീകരിക്കാൻ അലങ്കാരിക ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. സൂര്യകാന്തം, ഇന്ദ്രനീലം, വൈഡൂര്യം, മരതകം, ഗോമേദകം, മാണിക്യം, ചന്ദ്രകാന്തം, പത്മരാഗം, പുഷ്യരാഗം, പവിഴം, വജ്രം, സൗഗന്ധികം തുടങ്ങിയ വിലയേറിയ മുത്തുകൾകൊണ്ട് നിർമ്മിച്ച ഒരു നഗരമായിട്ടാണ് ദൈവരാജ്യത്തെ വിശേഷിപ്പിച്ചിരിക്കുന്നത്.

ഇന്നു നാം വായിച്ചുകേട്ട, ഏശയ്യായുടെ പുസ്തകത്തിൽ നിന്നെടുത്ത ഒന്നാമത്തെ ലേഖനത്തിൽ നിർമ്മലവും ഫലഭൂയിഷ്ടവുമായ, വിശുദ്ധർവസിക്കുന്ന, പകൽ മേഘതൂണായും, രാത്രി അഗ്നിസ്തംഭമായും ദൈവാരൂപിതന്നെ നയിക്കുന്ന, അഭയവും സംരക്ഷണവും നൽകിക്കൊണ്ട് ദൈവമഹത്വം തന്നെ ഒരു വിതാനമായി നിറഞ്ഞു നിൽക്കുന്ന ഒരു നഗരത്തെയാണ് ചിത്രീകരിച്ചിരിക്കുന്നത്.

വിശുദ്ധ ഗ്രന്ഥത്തിലെ ദൈവരാജ്യത്തെക്കുറിച്ചുള്ള ഈ സ്വപ്നങ്ങളെല്ലാം പൂർത്തീകരിക്കപ്പെടുന്നത് യേശുവിന്റെ വരവോടുകൂടിയാണ്. ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചുകൊണ്ടാണ് അവിടുന്ന് തന്റെ പരസ്യജീവിതമാരംഭിക്കുന്നത്: "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മാർക്ക്. 1, 15).

ഇന്ന് നാം വായിച്ചുകേട്ട സുവിശേഷത്തിലും യേശു പ്രഘോഷിക്കുന്നത് തന്നിലൂടെ സമാഗതമായ, പൂർത്തിയായ ദൈവരാജ്യത്തിന്റെ സന്തോഷവാർത്തതന്നെയാണ്. താൻ ജനിച്ചുവളർന്ന സ്ഥലമായ നസ്രത്തിലെ സിനഗോഗിൽ പ്രവേശിച്ച് ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നും യേശു ഇപ്രകാരം വായിച്ചു: "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ വിളിച്ചിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ച്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു". പുസ്തകം അടച്ച് ശുശ്രൂഷകനെ

ഏല്പിച്ചതിനുശേഷം അവിടുന്ന് പറഞ്ഞു: "നിങ്ങൾ കേട്ടിരിക്കെത്തന്നെ ഇന്ന് ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു." (cfr. ലൂക്ക. 4, 16-22). അനുതാപത്തിലൂടെയും വിശ്വാസത്തിലൂടെയും യേശുവിൽ നിറവേറിയ ദൈവരാജ്യത്തിലേയ്ക്ക് പ്രവേശിക്കുകയാണ് സ്നേഹസമൂഹമായി, വിശുദ്ധരുടെ കൂട്ടായ്മയായി രൂപപ്പെടുകയാണ്. കൊച്ചി രൂപതയ്ക്ക് തുടർന്നുമുണ്ടായിരിക്കേണ്ട സ്വപ്നവും ദർശനവും.

ഈ സ്വപ്നസാക്ഷാത്ക്കാരത്തിന് എന്തു ചെയ്യണമെന്ന് വ്യക്തമാക്കിത്തരുന്നതാണ് റോമാക്കാർക്കുള്ള ലേഖനത്തിൽ നിന്നെടുത്ത രണ്ടാമത്തെ വായന: രക്ഷപ്രാപിക്കണമെങ്കിൽ, ദൈവരാജ്യത്തിലേയ്ക്ക് പ്രവേശിക്കണമെങ്കിൽ യേശു കർത്താവാണെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും അധരം കൊണ്ട് ഏറ്റുപറയുകയും ചെയ്യണം.

ആദിമ സഭയുടെ വിശ്വാസ പ്രമാണത്തിന് വെറും രണ്ടേരണ്ടു വാക്കുകളേ ഉണ്ടായിരുന്നുള്ളൂ. അതായത്: "യേശു കർത്താവാണ്." ഈ വിശ്വാസം മാത്രം മതി സന്തോഷത്തോടും സമാധാനത്തോടും സൗഭാഗ്യത്തോടും ആരെയും ഭയപ്പെടാതെ ജീവിക്കുവാൻ നമുക്ക് സാധിക്കും.

യേശു കർത്താവാണെങ്കിൽ എല്ലാം അവിടത്തെ അധീനതയിലാണ്; എല്ലാം അവിടുത്തെ നിയന്ത്രണത്തിലാണ്; കർത്താവായ യേശുവിന് അസാദ്ധ്യമായി ഒന്നുമില്ല. അവിടുന്ന് എൻെറ കർത്താവായിരിക്കുന്നിടത്തോളം, അവിടുത്ത എൻെറ ഇടയനായിരിക്കുന്നിടത്തോളം കാലം 23-ാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ എനിക്ക് ഒന്നിനും ഒരു കുറവുമുണ്ടാവുകയില്ല. പച്ചയായ പുൽത്തകിടികളിലേയ്ക്കും പ്രശാന്തമായ ജലാശയത്തിലേയ്ക്കും അവിടുന്ന് എന്നെ നയിക്കും. മരണത്തിൻെറ നിഴൽ വീണ താഴ്വരകളിലൂടെ നടക്കേണ്ടിവന്നാലും അവിടുന്ന് കൂടെയുള്ളതിനാൽ, ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല. "അതേ യേശു കർത്താവാണ്." അതുകൊണ്ട് എനിക്ക് ഒന്നിനും ഒരു കുറവുമുണ്ടാവുകയില്ല. ഈ വിശ്വാസത്തിൽ ആഴപ്പെടുക; ഈ വിശ്വാസത്തിന് എപ്പോഴും എവിടെയും സാക്ഷ്യം വഹിക്കുക; വാക്കിലും പ്രവർത്തിയിലും ജീവിതചര്യങ്ങളിലും ഈ വിശ്വാസം പ്രതിഫലിപ്പിക്കുക. ഇതായിരിക്കണം കൊച്ചി രൂപതാംഗങ്ങളുടെ സ്വപ്നവും ദർശനവും.

പ്രത്യേകിച്ചും പ്രതിസന്ധികളിലൂടെ കടന്നുപോകേണ്ടിവരുമ്പോൾ ശക്തിപകർന്നു തരുന്നത് ഈശ്വര വിശ്വാസമാണ്. യേശുതന്നെയാണ് ഈ വിശ്വാസത്തിൻെറ ഏറ്റവും വലിയ മാതൃക. ഗദ്സമേൻ തോട്ടത്തിൽ അവിടുത്തെ ഹൃദയം സംഘർഷപൂരിതമായിരുന്നു. ചുറ്റും കുറ്റാക്കുറ്റിരുട്ട്. എല്ലാം തകർന്നു വിഴുന്ന അനുഭവം. എങ്കിലും പിതാവിലുള്ള അവിടുത്തെ വിശ്വാസത്തിന് ഒരു കുലുക്കവും തട്ടിയില്ല. ഈ വിശ്വാസം അവിടുന്ന് ഇപ്രകാരം ഏറ്റുപറഞ്ഞു: "ആബ്ബാ പിതാവേ, എല്ലാം അങ്ങേയ്ക്ക് സാദ്ധ്യമാണ്.. അങ്ങ് നല്ലതുമാത്രമേ ചെയ്യുകയുള്ളൂ. അങ്ങയുടെ ഇഷ്ടം നിറവേറട്ടെ" (cfr. മാർക്ക് 14, 35). ഈ മനോഭാവത്തിൽ വളരുവാൻ കൊച്ചി രൂപതയ്ക്ക് കഴിയണം.

കേരളസഭ വചനവർഷമാചരിക്കുകയാണ്. വചനം മാംസമായ യേശുവിനെ സ്വന്തമാക്കുന്നതിൽക്കവിഞ്ഞ ഒരു ഭാഗ്യമില്ല. യേശുവിനെ സ്വന്തമാക്കുന്നതുതന്നെയാണ് ദൈവരാജ്യം. കഴിഞ്ഞ 450 കൊല്ലങ്ങളുടെ ചരിത്രം പിൻതുടർന്നുകൊണ്ട് ഒരു പുത്തൻ ചൈതന്യത്തോടെ യേശുവിനെ അനുഭവിച്ചറിയുകയും ഈ അനുഭവം എല്ലാവരുമായി പങ്കുവയ്ക്കുകയും ചെയ്യുന്നതായിരിക്കണം കൊച്ചിരൂപതയുടെ സ്വപ്നം. ഈ സ്പനസാക്ഷാത്ക്കാരത്തിന് ഉപകരിക്കുന്ന ദർശനങ്ങളായിരിക്കണം നമ്മുടെ മുന്നിലുണ്ടാവേണ്ടത്.

വചനത്തെ, വചനം മാംസമായ യേശുവിനെ, യേശുവിൽ പൂർത്തിയായ ദൈവരാജ്യത്തെ സ്വന്തമാക്കുന്നതിൽക്കവിഞ്ഞ ഒരു ഭാഗ്യമില്ല. നിധി അന്വേഷിച്ചുപോയ, രത്നമന്വേഷിച്ചുപോയ ഒരു വ്യാപാരിയുടെ ഉപമ നാം സുവിശേഷത്തിൽ വായിക്കുന്നുണ്ട്. അമൂല്യമായ ഒരു രത്നം കണ്ടെത്തിയപ്പോൾ, വിലയേറിയ ഒരു നിധി കണ്ടെത്തിയപ്പോൾ, അയാൾ തനിക്കുള്ളതെല്ലാം വിറ്റ് ആ രത്നം, ആ നിധി സ്വന്തമാക്കുന്നു. കോടിക്കണക്കിനുള്ള തൻെറ ആസ്തികൾ വിറ്റഴിച്ച് ആ രത്നം, നിധി കരസ്ഥമാക്കിയപ്പോൾ ഒരു പക്ഷേ കണ്ടുനിന്നവരെല്ലാം വിചാരിച്ചുകാണും അയാൾക്ക് ഭ്രാന്ത് പിടിച്ചെന്ന്. എന്നാൽ രത്നത്തിൻെറ, നിധിയുടെ വില അറിയാമായിരുന്ന

വ്യാപാരിയെ സംബന്ധിച്ചിടത്തോളം താൻ വിറ്റഴിച്ചതൊന്നും ഒന്നുമായിരുന്നില്ല. ഇതുപോലെ വചനമായ യേശുവിൻെറ വില മനസ്സിലാക്കുന്നവരെല്ലാം യേശുവിനെ സ്വന്തമാക്കാൻ സർവ്വവും പരിത്യജിക്കുവാൻ തയ്യാറാകും. രക്ഷപ്രാപിക്കുവാൻ ഒന്നുമാത്രം മതി, കർത്താവായ യേശു.

ലാസറിൻെറ ഭവനത്തിൽ വന്ന യേശുവിനെ സഹോദരിമാർ സ്നേഹപൂർവ്വം സ്വീകരിച്ചു. മർത്താ പലകാര്യങ്ങളിൽ വ്യാപൃതയായിരുന്നു. യേശുവിന് ഭക്ഷണമൊരുക്കണം; സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. ഇതിനിടയ്ക്ക് സഹോദരിയെക്കുറിച്ച് യേശുവിനോട് പരാതി പറയുകയും ചെയ്യുന്നു. യേശു മർത്തായെ ഇപ്രകാരം തിരുത്തി. "മാർത്താ, മാർത്താ, നീ പലതിനെക്കുറിച്ച് ചിന്തിച്ച് ഉത്ക്കണ്ഠാകലുയും അസ്വസ്ഥതയുമായിരിക്കുന്നു. ഒന്നുമാത്രമേ ആവശ്യമുള്ളു. മറിയം നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽ നിന്ന് എടുക്കപ്പെടുകയില്ല" (ലൂക്കാ. 10, 41-42). മറിയത്തെപ്പോലെ യേശുവിൻെറ പാദാന്തികത്തിലിരുന്ന് അവിടുത്തെ വചനം ശ്രവിക്കുന്നതിനെക്കാൾ, അവിടുത്തെ സാന്നിദ്ധ്യത്തിൻെറ മാധുര്യം അനുഭവിച്ചറിയുന്നതിനെക്കാൾ വലിയ സൗഭാഗ്യമില്ല.

ഗ്രീക്കു പുരാണങ്ങളിൽ മെഡാസിൽ എന്ന ഒരു രാജാവിനെക്കുറിച്ച് ഒരു കഥയുണ്ട്. അയാൾ ദീർഘനാൾ വനാന്തരങ്ങളിൽ കടുത്ത തപസ്സു ചെയ്തു. തപസ്സിൻെറ അവസാനം ബാക്ക് ദേവൻ അയാൾക്ക് പ്രത്യക്ഷനായി ഏതു വരം ചോദിച്ചാലും കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തു. തൊട്ടതെല്ലാം പൊന്നായിത്തീരുവാനുള്ളവരമാണ് രാജാവ് ചോദിച്ചത്. മനസ്സില്ലാ മനസ്സോടെ ബാക്ക് ദേവൻ ആ വരം നൽകി. പരീക്ഷണാർത്ഥം ഒരു ചെടിയുടെ നാമ്പ് രാജാവ് പറിച്ചെടുത്തു. അത് വെട്ടിത്തിളങ്ങുന്ന സ്വർണ്ണമായിത്തീർന്നു. അടുത്തുള്ള ആപ്പിൾ മരത്തിൽ നിന്ന് ഒരു ആപ്പിൾ പറിച്ചെടുത്തു. അതും സ്വർണ്ണമായിത്തീർന്നു. സന്തോഷത്തോടെ രാജാവ് കൊട്ടാരത്തിൽ വന്നു. വലിയൊരു സദ്യയൊരുക്കാൻ കല്പന നൽകി. നീണ്ട തപസ്സിന് ശേഷം വലിയ വിശപ്പും ദാഹവുമുണ്ട്. ഭക്ഷിക്കാനായി അപ്പം കൈയിലെടുത്തു. ഉടൻ അത് സ്വർണ്ണമായി മാറി. കുടിക്കാൻ വീഞ്ഞെടുത്തു. അത് ഉരുകിയ സ്വർണ്ണദ്രാവകമായി മാറി. അപ്പോഴാണ് തനിക്ക് കിട്ടിയ വരം ഒരു ശാപമായിരുന്നുവെന്ന് രാജാവ് മനസ്സിലാക്കിയത്. വീണ്ടും തപസ്സുചെയ്ത് ബാക്ക് ദേവനെ വരുത്തി. കിട്ടിയവരം തിരിച്ചെടുക്കുവാനുള്ള അനുഗ്രഹമാണ് ആവശ്യപ്പെട്ടത്.

സങ്കീർത്തകനും ഇതുപോലെ ദൈവത്തോടു ദീർഘനാൾ പ്രാർത്ഥിച്ചു. എന്തും കൊടുക്കാൻ ദൈവം തയ്യാറായിരുന്നു. എന്നാൽ തൊട്ടതെല്ലാം പൊന്നാക്കാനുള്ള വരമല്ല സങ്കീർത്തകൻ ചോദിക്കുന്നത്. 27-ാം സങ്കീർത്തനം 4-ാം വാക്യത്തിൽ സങ്കീർത്തകൻ ദൈവത്തോട് ചോദിച്ച ഒരേ ഒരു അനുഗ്രഹം ഇതായിരുന്നു: "ഒരു കാര്യം ഞാൻ കർത്താവിനോട് അപേക്ഷിക്കുന്നു. ഒരു കാര്യം മാത്രാ ഞാൻ തേടുന്നു. കർത്താവിൻെറ മാധുര്യം ആസ്വദിക്കാനും കർത്താവിൻെറ ആലയത്തിൽ അവിടുത്തെ ഹിതം ആരായാനും വേണ്ടി ജീവിതകാലം മുഴുവൻ അവിടത്തെ ആലയത്തിൽ വസിക്കാൻ തന്നെ." അതേ, യേശു കർത്താവാണ്. ദൈവഹിതം വെളിപ്പെടുത്തിത്തരുന്ന അവിടുത്തെ വചനത്തെക്കാൾ, അവിടുത്തെ സാന്നിദ്ധ്യത്തെക്കാൾ മാധുര്യമേറിയതായി മറ്റൊന്നില്ല. ഇത് മനസ്സിലാക്കിയപ്പോഴാണ് പൗലോസ് അപ്പോസ്തലൻ ഇപ്രകാരം പറഞ്ഞത്. "എൻെറ കർത്താവായ യേശു ക്രിസ്തുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ സർവ്വവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അതിനെ പ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടം പോലെ കരുതുകയുമാണ്" (Phil. 3, 8-9)

ഇതായിരിക്കട്ടെ 450 കൊല്ലം തികയുന്ന വലിയ ഈ ജൂബിലി ആഘോഷിക്കുന്ന കൊച്ചി രൂപതയുടെ സ്വപ്നവും ദർശനവും. ഒരിക്കൽ കൂടി ജൂബിലി മംഗളങ്ങൾ നേരുന്നു. ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.